“ഭരണഭാഷ-മാതൃഭാഷ”

Website : www.keralapsc.gov.in

E-mail : kpsc.psc@kerala.gov.in

Phone : 0471-2546414

# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

നമ്പർ : AAVW11/8/2020-KPSC

തിരുവനന്തപുരം

16.01.2021

പ്രേഷിതൻ

സെക്രട്ടറി

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

പട്ടം, തിരുവനന്തപുരം.

സ്വീകർത്താവ്

ഡയറക്ടർ

വനിതാശിശു വികസന ഡയറക്ടറേറ്റ്

പൂജപ്പുര

തിരുവനന്തപുരം

സർ,

വിഷയം :- നിയമനപരിശോധന-ഉദ്യോഗസ്ഥർ ഹാജരാകുന്നത്-സംബന്ധിച്ച്

സൂചന:_ (1) 14.12.2010 തീയതിയിലെ സ.ഉ.(പി)നമ്പർ 41/2010/ഉ.ഭ.പ.വ നമ്പർ സർക്കാർ ഉത്തരവ്

(2) 08.07.2019 തീയതിയിലെ G.O.(Ms) No.133/2019/GAD നമ്പർ സർക്കാർ ഉത്തരവ്.

(3) 24.11.2020 തീയതിയിലെ WCD-E3(1)/2453/2020 നമ്പർ കത്ത്

*****

സൂചന (1) ലെ ഉത്തരവ് പ്രകാരം ഭാവിയിലുള്ള എല്ലാ പി എസ് സി നിയമനങ്ങളിലും പി എസ് സിയുടെ വെരിഫിക്കേഷൻ റിപ്പോർട്ട് കൂറ്റി വാങ്ങിയ ശേഷമേ നിയമനങ്ങൾ റെഗുലറൈസ് ചെയ്യാവൂ എന്ന് ഉത്തരവായിരുന്നു. സർവ്വീസ് വെരിഫിക്കേഷൻ റിപ്പോർട്ട് നൽകുന്നതിന് മുന്നോടിയായി, താങ്കളുടെ ഓഫീസിൽ ജോലി ചെയ്യുന്നതും സർവ്വീസ് റെഗുലറൈസ് ചെയ്യപ്പെടേണ്ടതുമായ താഴെപ്പറയുന്ന 2 ഉദ്യോഗസ്ഥരുടെ സർവ്വീസ് വെരിഫിക്കേഷൻ 25.02.2021 തീയതിയിൽ നടത്തുവാൻ കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്.

| Sl. No. | Name | Designation | Date of Birth | Date | Time |
|---|---|---|---|---|---|
| 1 | RINI S G | ICDS Supervisor | 17.04.1981 | **25.02.2021** | **01.00 pm** |
| 2 | KARTHIKA J | ICDS Supervisor | 30.05.1987 | **25.02.2021** | **01.00 pm** |

**ടി ഉദ്യോഗസ്ഥർക്ക് പ്രസ്തുത തീയതിയിലും സമയത്തും സർവ്വീസ് വെരിഫിക്കേഷന് വേണ്ടി പി എസ് സി യുടെ പട്ടത്തുള്ള ആസ്ഥാന ഓഫീസിൽ ഹാജരാകണമെന്ന നിർദ്ദേശം അടിയന്തിരമായി നൽകേണ്ടതാണ്.** *വെരിഫിക്കേഷൻ സമയത്ത് നിയമനശിപാർശാ കത്തിലെ മേൽ വിലാസം തെളിയിക്കുന്നതിനായി കമ്മീഷൻ അംഗീകരിച്ചിട്ടുള്ള താഴെപ്പറയുന്ന തിരിച്ചറിയൽ രേഖകളിലേതെങ്കിലും ഒന്നും, ജോലി ചെയ്യുന്ന സ്ഥാപനത്തിൽ /വകുപ്പിൽ നിന്നും തിരിച്ചറിയൽ കാർഡ് നൽകിയിട്ടുള്ള പക്ഷം ആയതും കൂടി നിർബന്ധമായും ഹാജരാക്കണമെന്ന് ഉദ്യോഗസ്ഥർക്ക് വ്യക്തമായ നിർദ്ദേശം നൽകേണ്ടതാണ്. നിയമനശിപാർശാകത്തിലെ മേൽ വിലാസവും തിരിച്ചറിയൽ രേഖയിലെ മേൽവിലാസവും വ്യത്യസ്തമാണെങ്കിൽ ടി മേൽവിലാസത്തിലെ വ്യക്തി ഒരാൾ തന്നെയെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (ഗസറ്റഡ് ഉദ്യോഗസ്ഥർ/വില്ലേജ് ഓഫീസർ നൽകിയത്) ഹാജരാക്കണമെന്നു കൂടി നിർദ്ദേശം നൽകേണ്ടതാണ്.*

| | | | |
|---|---|---|---|
| 1. | ഇലക്ഷൻ കമ്മീഷൻ നൽകിയ വോട്ടർ ഐഡന്റിറ്റി കാർഡ് | 2. | ദേശസാൽകൃത ബാങ്കുകൾ നൽകുന്ന ഫോട്ടോ പതിച്ച പാസ്ബുക്ക് |
| 3. | ഡ്രൈവിംഗ് ലൈസൻസ് | 4. | പാസ്പോർട്ട് |
| 5 | അഡ്വക്കേറ്റ് ആയി എൻറോൾ ചെയ്യുന്നവർക്ക് ബാർ കൗൺസിൽ നൽകുന്ന ഫോട്ടോ പതിച്ച ഐഡന്റിറ്റി കാർഡ് | 6. | സാമൂഹ്യക്ഷേമ വകുപ്പ് വികലാംഗർക്കു നൽകുന്ന ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് |
| 7. | കേരള സംസ്ഥാന സർവ്വകലാശാല ജീവനക്കാർക്ക് നൽകുന്ന ഫോട്ടോ പതിച്ച ഐഡന്റിറ്റി കാർഡ് | 8. | വിമുക്ത ഭടൻമാരുടെ ഡിസ്ചാർജ് സർട്ടിഫിക്കറ്റ്/ജില്ലാ സൈനിക ക്ഷേമ ഓഫീസർ വിമുക്ത ഭടൻമാർക്ക് നൽകുന്ന ഫോട്ടോ പതിച്ച ഐഡന്റിറ്റി കാർഡ് |
| 9. | മോട്ടോർ വാഹനവകുപ്പ് നൽകുന്ന കണ്ടക്ടർ ലൈസൻസ് | 10. | കേന്ദ്ര ഗവൺമെന്റ് നൽകുന്ന ആധാർകാർഡ് |
| 11. | വികലാംഗരായ ഉദ്യോഗാർത്ഥികൾക്ക് മെഡിക്കൽ ബോർഡ് നൽകുന്ന ഫോട്ടോ പതിച്ച മെഡിക്കൽ സർട്ടിഫിക്കറ്റ് | 12. | ഷെഡ്യൂൾ ബാങ്കുകൾ/കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്/ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്കുകൾ എന്നിവ നൽകുന്ന ഫോട്ടോ പതിച്ച പാസ്ബുക്ക് |

നിയമനപരിശോധനയ്ക്കായി ജീവനക്കാരുടെ പ്രമാണങ്ങൾ അയച്ചുതരുന്നത് കർശനമായും നിയമനശിപാർശാക്രമത്തിലാകണം. ക്രമം തെറ്റിച്ച് നിയമന പരിശോധന നടത്തുന്നത് മൂലം ഉണ്ടാകുന്ന അനന്തരപ്രശ്നങ്ങളുടെ (സീനിയോറിറ്റി തർക്കം/കോടതി വ്യവഹാരം മുതലായവ) പൂർണ ഉത്തരവാദിത്വം

ബന്ധപ്പെട്ട വകുപ്പിനായിരിക്കും എന്ന വിവരം അറിയിക്കുന്നു.

**നിയമനപരിശോധനയ്ക്ക് ഹാജരാകുന്ന ഉദ്യോഗസ്ഥർ COVID 19 നിർവ്യാപന /പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സ്വീകരിക്കേണ്ട മുൻ കരുതലുകൾ**

1. 07.06.2020 ലെ സ.ഉ.(കൈ)112/2020/പൊ.ഭ.വ. നമ്പർ ഉത്തരവ് കൃത്യമായി പാലിച്ചുവേണം വെരിഫിക്കേഷന് ഹാജരാകേണ്ടത് എന്ന നിർദ്ദേശം വകുപ്പുമേധാവി ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണ് .
2. കണ്ടെയിന്മെന്റ് സോണിലോ ഹോട്ട്സ്പോട്ടിലോ ഉൾപ്പെട്ട ഉദ്യോഗസ്ഥർ വെരിഫിക്കേഷന് ഒരു കാരണവശാലും പങ്കെടുക്കാതിരിക്കാൻ വകുപ്പുമേധാവി ശ്രദ്ധിക്കേണ്ടതാണ് . ഇക്കാര്യത്തിൽ ഉദ്യോഗസ്ഥരും ജാഗ്രത പുലർത്തേണ്ടതാണ് .
3. സാമൂഹിക അകലം നിർബന്ധമായും പാലിക്കണം
4. **മാസ്ക് /കൈയ്യുറ** എന്നിവ ശരിയായ രീതിയിൽ നിർബന്ധമായും ധരിക്കേണ്ടതാണ്
5. ഉദ്യോഗസ്ഥർ അവർക്ക് അനുവദിച്ചിട്ടുള്ള തീയതിയിലും സമയത്തും നിയമനപരിശോധനയ്ക്ക് ഹാജരാകാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്
6. ഏതെങ്കിലും തരത്തിലുള്ള ശാരീരിക അസ്വസ്ഥതകളുള്ളവർ നിയമനപരിശോധനയ്ക്ക് ഹാജരാകരുത്. അവർക്ക് അപേക്ഷയുടെ അടിസ്ഥാനത്തിൽ മറ്റൊരു തീയതി പിന്നീട് അനുവദിക്കുന്നതാണ്
7. ഇതു കൂടാതെ ആ കാലയളവിൽ നിലവിലുള്ള **Covid 19** മായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾക്ക് വിധേയമായിട്ടായിരിക്കും നിയമനപരിശോധന നടത്തുന്നത്.

**സൂചന 2 ലെ സർക്കാർ ഉത്തരവ് പ്രകാരം വെരിഫിക്കേഷന് ഹാജരാകുന്ന ഉദ്യോഗസ്ഥർ "0051-PSC-800-State PSC-99-Other receipts" എന്ന ശീർഷകത്തിൽ ` 210/- അടച്ച് അസ്സൽ ചെലാൻ വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതല്ല.**

വിശ്വസ്തതയോടെ,

സൂസൻ ഡിക്സൺ
അണ്ടർ സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
സെക്രട്ടറിക്കുവേണ്ടി